ണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ യുദ്ധരംഗത്ത് രക്തസാക്ഷിത്വം വരിച്ച വീരജവാന്മാരുടേയും അതുപോലെ മുറിവേറ്റവരുടേയുമെല്ലാം കുടുംബാംഗങ്ങളോട് എന്റെ അനുഭാവം രേഖപ്പെടുത്തുന്നു. അതുപോലെതന്നെ യുദ്ധരംഗത്ത് ഇന്ന് കർമ്മോൽസുകരായി എന്തിനും തയ്യാറായി, ജീവൻ നഷ്ടപ്പെടുത്താൻപോലും തയ്യാറായി നിൽക്കുന്ന നമ്മുടെ ജവാന്മാർക്ക് ധാർമ്മിക പിന്തുണയും അവരോട് ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു.

മി. സ്പീക്കർ : വീരമൃത്യു വരിച്ച ധീര യോദ്ധാക്കളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം മൗനം ആചരിക്കാം.

(യുദ്ധത്തിൽ വീരമൃത്യു വരിച്ച വീരയോദ്ധാക്കളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

III. ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ.പി.എ. മജീദ്, ശ്രീ. സി.പി. ബാലൻ വൈദ്യർ, ഡോ. കെ.സി. ജോസഫ് എന്നിവരെ X-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV. അടിയന്തിരപ്രമേയം

വൈദ്യുതിചാർജ് വർദ്ധന

മി. സ്പീക്കർ : വൈദ്യുതിചാർജ് വർദ്ധനവുമൂലം സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഉമ്മൻചാണ്ടി, ഇസ്ഹാക് കുരിക്കൾ, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച വിശദീകരണം നല്കാം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1996-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ വ്യവസായങ്ങൾക്ക് 100 ശതമാനം പവർകട്ടും മൂന്നര മണിക്കൂർ ലോഡ് ഷെഡിംഗും ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ നിന്നും ഇന്ന് കാണുന്ന മെച്ചപ്പെട്ട നിലയിലേയ്ക്ക് വൈദ്യുതി രംഗത്തെ എത്തിക്കുന്നതിനു വേണ്ടി ജനറേഷൻ രംഗത്തും പ്രസരണ-വിതരണ രംഗത്തും ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിനായി എൽ.ഐ.സി., പവർ ഫിനാൻസ് കോർപ്പറേഷൻ ആർ.ഇ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ വർഷം 1200 കോടി രൂപ കടം എടുക്കേണ്ടതായി വന്നിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതും വായ്പ എടുത്തതിനെ തുടർന്നാണ്. ഈ വായ്പ തിരിച്ചടയ്ക്കുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന മുതൽമുടക്കിനും ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം വൈദ്യുതി രംഗത്ത് വികസനപ്രവർത്തനങ്ങൾക്കുണ്ടാകുന്ന തടസ്സം മാറ്റുന്നതിനുവേണ്ടി ഉൽപാദനച്ചെലവുമായി ബന്ധപ്പെടുത്തിയും ജലവൈദ്യുത പദ്ധതികളെ ആശ്രയിക്കേണ്ടി വന്നതിനെത്തുടർന്നും ഉൽപ്പാദനച്ചെലവിൽ വർദ്ധനവുണ്ടായി. ഈ വർദ്ധനവിനെത്തുടർന്ന് ഒരു രൂപ തൊണ്ണൂറ്റി ഒൻപതര പൈസ ചെലവും ഒരു രൂപ നാൽപത്തി നാല് പൈസ വരവും എന്ന നില

LIBRARY ARCHIVES Kerala Legislative Assembly